# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 23**

---

## തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കണം-ഡോ.തോമസ് ഐസക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റിംഗ് സ്വതന്ത്ര ജൂറി സംവിധാനം മുഖേന ഫലപ്രദമായി നടപ്പാക്കണമെന്ന് മുൻ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിർദേശിച്ചു.

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും സോഷ്യൽ ഓഡിറ്റും എന്ന വിഷയത്തിൽ പത്തനംതിട്ടയിൽ സംഘടിപ്പിച്ച ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സോഷ്യൽ ഓഡിറ്റ് കൂടുതൽ ജനകീയമാക്കുന്നത് പോരായ്മകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സഹായിക്കും. വിവിധ സാമൂഹിക ഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ സമൂഹിക ഓഡിറ്റ് സൂചിക സംസ്ഥാനം വികസിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ ഡോ. എൻ. രമാകാന്തൻ ആമുഖ പ്രഭാഷണം നടത്തി. സെൻറർ ഡയറക്ടർ കെ.എം. സീതി അധ്യക്ഷനായിരുന്നു. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ.ജി. ബാബു, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ...**
മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും സോഷ്യൽ ഓഡിറ്റും എന്ന വിഷയത്തിൽ പത്തനംതിട്ട ഗീതാഞ്ജലി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ശിൽപ്പശാല ഡോ.ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/187/2024)

## സ്പെഷ്യൽ ടീച്ചർ; താത്കാലിക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പായ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സ്പെഷ്യൽ ടീച്ചർ തസ്തികയിലെ താത്കാലിക ഒഴിവുകളിലേയ്ക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

മുസ്ലിം(എൻസിഎ), എൽ.സി/എ.ഐ(എൻസിഎ) വിഭാഗങ്ങളിൽ ഓരോ ഒഴിവു വീതമാണുള്ളത്. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 25000 രൂപ. പ്രായപരിധി 2024 ജനുവരി ഒന്നിന് 50 വയസ്സ് കവിയരുത്.

സ്പെഷ്യൽ എജ്യുക്കേഷൻ(ഇൻറലക്ചൽ ഡിസബിലിറ്റി)യിൽ ബി.എഡ് ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. മാനസിക-ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ രണ്ടു വർഷത്തിൽ കുറയാതെ ക്ലാസ് നടത്തിയ പരിചയവും ഉണ്ടായിരിക്കണം.

കരാർ കാലാവധി ഒരു വർഷമാണ്. സേവനം വിലയിരുത്തുന്നതിൻറെ അടിസ്ഥാനത്തിൽ പരമാവധി മൂന്നു വർഷത്തേക്കു വരെ ദീർഘിപ്പിക്കാം.

വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോം പൂരിപ്പിച്ച് പ്രായം, വിദ്യഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി, നോൺക്രീമി ലെയർ, അധിക യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ada5@mgu.ac.in എന്ന വിലാസത്തിൽ വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം അയക്കണം.

2023 നവംബർ 22 ലെ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/188/2024)

## പ്രാക്ടിക്കൽ

യു.ജി അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് (ഒക്ടോബർ 2022) പരീക്ഷയുടെ ബി.എസ്.സി ബോട്ടണി-കെമിസ്ട്രി കോംപ്ലിമെൻററി പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 28ന് തലയോലപ്പറമ്പ് ഡി.ബി കോളജിൽ നടക്കും.

(പി.ആർ.ഒ/39/189/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**